<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5071 — 15/11/2019- ൽ മറുപടിയ്ക്ക്

<u>ചെറുകിട കർഷകർക്കായി റബ്ബർ വില സ്ഥിരതാ പദ്ധതി</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ.സി.ജോസഫ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) | വാഹന നിർമ്മാണ രംഗത്തെ മാന്ദ്യം സംസ്ഥാനത്തെ ചെറുകിട റബ്ബർ കർഷകരെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) 2018-19 കാലയളവിലെ സ്വാഭാവിക റബ്ബറിന്റെ ഉപഭോഗവുമായി താരതമ്യം ചെയ്യുമ്പോൾ 2019 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ സ്വാഭാവിക റബ്ബറിന്റെ ഉപഭോഗത്തിൽ 7.67% കുറവ് രേഖപ്പെടുത്തിയതായി റബ്ബർ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ ടയർ മേഖല 9.67%ന്റെ താഴോട്ടുള്ള വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടയർ മേഖലയിലെ സ്വാഭാവിക റബ്ബറിന്റെ കുറഞ്ഞ ഉപഭോഗം സംസ്ഥാനത്തെ റബ്ബർ കർഷകരെ ദോഷകരമായി ബാധിച്ചു എന്ന് കണക്കാക്കാവുന്നതാണ് . |
| (ബി) | സെപ്റ്റംബർ ആരംഭം മുതൽ രാജ്യത്തെ അഞ്ച് വൻകിട റബ്ബർ കമ്പനികൾ റബ്ബർ സംഭരിക്കുന്നതിൽ നിന്നും വിട്ടു നിൽക്കുന്നത് റബ്ബർ വില കുത്തനെ താഴുന്നതിന് ഇടയാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (ബി) സെപ്റ്റംബർ ആരംഭം മുതൽ രാജ്യത്തെ 5 വൻകിട റബ്ബർ കമ്പനികൾ റബ്ബർ സംഭരിക്കുന്നതിൽ നിന്നും വിട്ടുനിൽക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | റബ്ബറിന് കിലോയ്ക്ക് നൂറ്റിയമ്പതുരൂപ ഉറപ്പ് നൽകുന്ന വില സ്ഥിരതാ പദ്ധതിയിൽ നിന്നുള്ള സഹായം മാസങ്ങളായി കർഷകരുടെ അക്കൗണ്ടിൽ എത്തുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം മുഖേനയുള്ള ധനസഹായം മുടങ്ങിക്കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. പ്രളയക്കെടുതിയിലുൾപ്പെടെയുള്ള നഷ്ടങ്ങൾ സംഭവിച്ച് സാമ്പത്തിക പ്രതിസന്ധിയിൽ കഴിയുന്ന റബ്ബർ കൃഷിക്കാർക്ക് ആശ്വാസമാകത്തക്ക രീതിയിൽ റബ്ബർ ബോർഡിൽ നിന്നും സർക്കാരിൽ ലഭിച്ച ക്ലെയിമുകളിൻമേൽ 98.53 കോടി രൂപ സബ്സിഡിയായി കർഷകർക്ക് 2019 സെപ്റ്റംബർ |

| | | |
|---|---|---|
| | ഇതിന്റെ കാരണം വ്യക്തമാക്കാമോ; | മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ കർഷകരുടെ 2019 മാർച്ച് മാസം വരെയുള്ള ബില്ലുകൾ ഉൾപ്പെടും. 2019 ആഗസ്റ്റ് മാസത്തിനു ശേഷം റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള 43 കോടിയോളം രൂപയുടെ ക്ലെയിമുകൾ അനുവദിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഇതുവരെ വിതരണം ചെയ്ത 218.51 കോടി രൂപ ഉൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1103.13 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതി പ്രകാരം ഇരുന്നൂറ് രൂപ വില ഉറപ്പാക്കണമെന്ന കർഷകരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം ലഭിക്കുന്ന നിലവിലുള്ള വിലയായ 150/- രൂപ അപര്യാപ്തമായതു കൊണ്ട് വില കിലോയ്ക്ക് 200/- രൂപ എങ്കിലും ആക്കി വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാരിന്റെ സഹകരണം ലഭ്യമാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**